Minister for Health (SHRI A. A. RAHIM): (*a*) Yes.

†(b) A list of persons and amounts granted to them for the years 1953-54 and 1954-55 is placed on the table.

ആശുപത്രികൾ.

* 441. [12] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് ആശുപത്രികൾ പ്രൈവറ്റ് ആശുപത്രികളെക്കാളും കാര്യക്ഷമതയിൽ പിന്നോക്കമാണെന്നുള്ള സാധാരണഗതിയിലുള്ള ആക്ഷേപം ഗവണ്മെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗവണ്മെന്റ് ആശുപത്രികളുടെ മേൽനോട്ടത്തിൽ ഓരോ മെഡിക്കലാഫീസറേയും ഉപദേശിക്കുന്നതിനായി ഓരോ സ്ഥലത്തും പൊതുജനപ്രതിനിധികളുടെ ഒരു (ആണ്ടറി) ഉപദേശകബോർഡ് സൃഷ്ടിക്കുവാൻ ശ്രദ്ധിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇല്ല.

(ബി) ഇക്കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ഭവനനിർമ്മാണപദ്ധതി.

* 442. [13] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണപദ്ധതിക്കായി കേന്ദ്രത്തിൽനിന്നും ഈ ഗവണ്മെൻറിനു് 1954-55-ലും, 1955-56-ലും എന്തു തുക വീതം സഹായം ലഭിച്ചിട്ടുണ്ടു്;

(ബി) സ്റ്റേറ്റിലെ ഏതെല്ലാം ഭാഗങ്ങളിൽ ഇതിനകം ഭവനനിർമ്മാണപദ്ധതികൾ ആരംഭിച്ചിട്ടുണ്ടു്;

(സി) ആറ്റിങ്ങൽ മുനിസിപ്പൽ കൗൺസിലിൽനിന്നും ഒരു ഭവനനിർമ്മാണപദ്ധതിയെക്കുറിച്ചു് നിവേദനം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ചു് കോസ്റ്റൺടെൻസു് തുടങ്ങിയിട്ടു് എത്ര കൊല്ലമായി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സബ്സിഡൈസ്ഡ് ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീമിനുവേണ്ടി 1954-55-ൽ 87250 രൂപ ലോൺ ലഭിച്ചിട്ടുണ്ടു് 1955-1956-ൽ യാതൊരു തുകയും ലഭിച്ചിട്ടില്ല.

(ബി) കന്യാകുമാരി, തേരൂർ, കുളച്ചൽ, നാഗർകോവിൽ ഇനയം, വിഴിഞ്ഞം, തമലം, (തിരുവനന്തപുരം) കരമന, കല്ലുവാതുക്കൽ, കൊല്ലം, പുനലൂർ, വാവുംമൂവു്, ആലപ്പുഴ, പടിഞ്ഞാറെക്കല്ലട, പന്തളം, കുണ്ടറ, ചെറിയഴീക്കൽ, ഇരവിപേരൂർ, നീണ്ടകര, ഐവർകാല, ഇരവിപുരം, കായംകുളം, ചെങ്കോട്ട, കുമരകം, പറവൂർ, വയ്ക്കം, കിടങ്ങൂർ,

†Please see Appendix X.

LIBRARY ARCHIVES Kerala Legislative Assembly